LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ

123 (2403) ശ്രീ. പി: കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര ഹോമിയോ, ആയുർവേദ ഡിസ്പെൻസറികളും യുനാനി, സിദ്ധ അശ്രുപത്രികളും ആരംഭിച്ചിട്ട് ണ്ടെന്നറിയിക്കുമോ ;

(ബി) ആയുർവേദ, ഹോമിയോ ചികിത്സാ സൗകര്യങ്ങൾ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 110 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും 77 സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്. സിദ്ധ, യുനാനി ഡിസ്പെൻസറികൾ ആരംഭിച്ചിട്ടില്ല. കൂടാതെ, നാഷണൽ ഹെൽത്ത് മിഷനുകീഴിൽ 60 ഹോമിയോ ഡിസ്പെൻസറികളും 15 ആയുർവ്വേദ ഡിസ്പെൻസറികളും 28 സിദ്ധ ഡിസ്പെൻസറികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ആയുർവ്വേദ ചികിത്സാ സൗകര്യം എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 54 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പുതിയ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഹോമിയോപ്പതി വകുപ്പിനുകീഴിൽ നിലവിൽ 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സംസ്ഥാന വാർഷിക പദ്ധതി പ്രകാരം ഘട്ടം ഘട്ടമായി പുതിയ ഹോമിയോ ഡിസ്പെൻസറികൾ അനുവദിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കൊട്ടാരക്കര ഗ്രൂപ്പിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

124 (2404) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിന്റെ അധീനതയിൽ ഉള്ളതും ചെലവിനേക്കാൾ കൂടുതൽ വരുമാനം ഉള്ളതുമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ പ്രതിമാസ വരവും ചെലവും എത്രയെന്ന് വെളിപ്പെടുത്തുമോ?